**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2104** **09-02-2023 - ൽ മറുപടിയ്ക്ക്**

**മൂലധന നിക്ഷേപം ആകർഷിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിലേയ്ക്ക് മൂലധനനിക്ഷേപം ആകർഷിക്കുന്നതിൽ മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തിയ വിദേശയാത്രകൾ എത്രത്തോളം ഗുണകരമായി എന്ന് വിശദമാക്കാമോ; | (എ) | 2019-ൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ് മന്ത്രി ഉൾപ്പെട്ട സംഘം ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിൽ നടത്തിയ സന്ദർശനത്തിൽ, M/s നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയുടെയും, M/s. ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ പെൻപോളിൽ 105 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതി സംബന്ധിച്ച നിക്ഷേപ വാഗ്ദാനം ലഭിച്ചിരുന്നു.<br><br>ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡിപിആർ) അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥലം അനുവദിച്ചു നൽകിയിട്ടുമുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.<br><br>അതുപോലെ ടെറുമോ പെൻപോളിന്റെ നിക്ഷേപ നിർദ്ദേശവുമായി ബന്ധപ്പെട്ട പുതിയ ഫാക്ടറി (ബ്ലഡ് ബാഗ് കപ്പാസിറ്റി എക്സ്പാൻഷൻ പ്രൊജക്ട്) 2022 ഫെബ്രുവരിയിൽ തിരുവനന്തപുരം പുളിയറകോണത്ത് പ്രവർത്തനം ആരംഭിച്ചതായും അതിന്റെ ഭാഗമായി 17 മില്ല്യൺ യു.എസ് ഡോളറിന്റെ (ഏകദേശം 137 കോടി രൂപ) നിക്ഷേപം ഉണ്ടായതായും കമ്പനി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2021 ഒക്ടോബർ 1 മുതൽ 2022 മാർച്ച് 31 വരെ ദുബായിൽ നടന്ന 'ദുബായ് വേൾഡ് എക്സ്പോ 2020-ൽ' ഇന്ത്യ പവിലിയന്റെ ഭാഗമായി ' കേരള വീക്ക് ' 2022 ഫെബ്രുവരി 4 മുതൽ 10 വരെ നടത്തപ്പെടുകയുണ്ടായി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ്, നോർക്ക, ടൂറിസം, സ്റ്റാർട്ടപ്പ് മിഷൻ, കേസ് (KASE), ഒഡേപക് എന്നീ വകുപ്പുകളും ഏജൻസികളും, സംരംഭകരുമായി വിവധതലത്തിലുള്ള കൂടിക്കാഴ്ചകളും ആശയവിനിമയങ്ങളും നടത്തിയിരുന്നു. അതിനോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ 2022ഫെബ്രുവരി 5ന് ദുബായിൽ വച്ച് 'ഇൻവെസ്റ്റർ മീറ്റ് ' സംഘടിപ്പിച്ചിരുന്നു. കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തികാട്ടി വിദേശ നിക്ഷേപകരെ കേരളത്തിലേയ്ക്ക് നിക്ഷേപം ആകർക്കുന്നതിനായി അറബ് , രാജ്യാന്തര വ്യവസായികളെ ഉൾപ്പെടുത്തിയുള്ള നിക്ഷേപക സംഗമമാണ് നടന്നത് . ദുബായ് സന്ദർശനത്തിന്റെ ഫലമായി ഇതിനകം 170 കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്.<br><br>മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യു.കെ, നോർവ്വേ തുടങ്ങിയ രാജ്യങ്ങളിൽ നടത്തിയ സന്ദർശനത്തിന്റെ ഭാഗമായി നിരവധി നിക്ഷേപ നിർദ്ദേശങ്ങൾ ഉണ്ടാവുകയും ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. നിക്ഷേപനിർദ്ദേശങ്ങളിൽ ഉൾപ്പെടുന്ന സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കുന്നതിന്റെ സാധ്യതകൾ ചർച്ചചെയ്യുന്നതിനായി നോർവേ കമ്പനികൾ കേരളം സന്ദർശിച്ചിട്ടുണ്ട് . നോർവീജിയൻ സംരംഭകരുടെ പ്രത്യേക സംഗമം കേരളത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>വിദേശയാത്രയുടെ ഭാഗമായി ഉരുത്തിരിഞ്ഞ നിക്ഷേപ നിർദ്ദേശങ്ങളിൽ, സാധ്യതയുള്ളവയുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്തിലേയ്ക്ക് മൂലധന നിക്ഷേപം ആകർഷിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | 2019-ൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ് മന്ത്രി ഉൾപ്പെട്ട സംഘം ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിൽ നടത്തിയ സന്ദർശനത്തിൽ, M/s നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയുടെയും, M/s. ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ പെൻപോളിൽ 105 |

കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതി സംബന്ധിച്ച നിക്ഷേപ വാഗ്ദാനം ലഭിച്ചിരുന്നു.

ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡിപിആർ) അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥലം അനുവദിച്ചു നൽകിയിട്ടുമുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.

അതുപോലെ ടെറുമോ പെൻപോളിന്റെ നിക്ഷേപ നിർദ്ദേശവുമായി ബന്ധപ്പെട്ട പുതിയ ഫാക്ടറി (ബ്ലഡ് ബാഗ് കപ്പാസിറ്റി എക്സ്പാൻഷൻ പ്രൊജക്ട്) 2022 ഫെബ്രുവരിയിൽ തിരുവനന്തപുരം പുളിയറകോണത്ത് പ്രവർത്തനം ആരംഭിച്ചതായും അതിന്റെ ഭാഗമായി 17 മില്ല്യൺ യു.എസ് ഡോളറിന്റെ (ഏകദേശം 137 കോടി രൂപ) നിക്ഷേപം ഉണ്ടായതായും കമ്പനി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

2021 ഒക്ടോബർ 1 മുതൽ 2022 മാർച്ച് 31 വരെ ദുബായിൽ നടന്ന 'ദുബായ് വേൾഡ് എക്സ്പോ 2020-ൽ' ഇന്ത്യ പവിലിയന്റെ ഭാഗമായി ' കേരള വീക്ക് ' 2022 ഫെബ്രുവരി 4 മുതൽ 10 വരെ നടത്തപ്പെടുകയുണ്ടായി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ്, നോർക്ക, ടൂറിസം, സ്റ്റാർട്ടപ്പ് മിഷൻ, കേസ് (KASE), ഒഡേപക് എന്നീ വകുപ്പുകളും ഏജൻസികളും, സംരംഭകരുമായി വിവധതലത്തിലുള്ള കൂടിക്കാഴ്ചകളും ആശയവിനിമയങ്ങളും നടത്തിയിരുന്നു. അതിനോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ 2022ഫെബ്രുവരി 5ന് ദുബായിൽ വച്ച് 'ഇൻവെസ്റ്റർ മീറ്റ് ' സംഘടിപ്പിച്ചിരുന്നു. കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തികാട്ടി വിദേശ നിക്ഷേപകരെ കേരളത്തിലേയ്ക്ക് നിക്ഷേപം ആകർക്കുന്നതിനായി അറബ് , രാജ്യാന്തര വ്യവസായികളെ ഉൾപ്പെടുത്തിയുള്ള നിക്ഷേപക സംഗമമാണ് നടന്നത് . ദുബായ് സന്ദർശനത്തിന്റെ ഫലമായി ഇതിനകം 170 കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യു.കെ, നോർവ്വേ തുടങ്ങിയ രാജ്യങ്ങളിൽ നടത്തിയ സന്ദർശനത്തിന്റെ ഭാഗമായി നിരവധി നിക്ഷേപ നിർദ്ദേശങ്ങൾ ഉണ്ടാവുകയും ധാരണാപത്രങ്ങൾ

| | | | |
|---|---|---|---|
| | | | ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. നിക്ഷേപനിർദ്ദേശങ്ങളിൽ ഉൾപ്പെടുന്ന സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കുന്നതിന്റെ സാധ്യതകൾ ചർച്ചചെയ്യുന്നതിനായി നോർവേ കമ്പനികൾ കേരളം സന്ദർശിച്ചിട്ടുണ്ട് . നോർവീജിയൻ സംരംഭകരുടെ പ്രത്യേക സംഗമം കേരളത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>വിദേശയാത്രയുടെ ഭാഗമായി ഉരുത്തിരിഞ്ഞ നിക്ഷേപ നിർദ്ദേശങ്ങളിൽ, സാധ്യതയുള്ളവയുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ